# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2427** **14.06.2019-ൽ മറുപടിക്ക്**

### കൽപ്പറ്റയിലെ വൈദ്യുത പദ്ധതികൾ

| | ചോദ്യം<br>ശ്രീ. സി. കെ. ശശീന്ദ്രൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി വകുപ്പ് കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; | (എ) & (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൽപ്പറ്റ നിയോജക മണ്ഡലത്തിൽ വിതരണ മേഖലയിൽ 4411 സർവ്വീസ് കണക്ഷനുകൾ നൽകുകയും 33.79 കിലോ മീറ്റർ 11 കെ.വി ഓവർ ഹെഡ്, ABC ലൈനുകളും, 100.44 കിലോ മീറ്റർ എൽ .റ്റി ലൈനുകളും നിർമ്മിക്കുകയും, 11 ട്രാൻസ്ഫോർമറുകൾ സ്ഥാപി ക്കുകയും, 10 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും, 8.99 കിലോമീറ്റർ ലൈൻ കൺവേർഷൻ നടത്തുകയും 38.74 കിലോമീറ്റർ എച്ച്.റ്റി ലൈനുകളും 2.4 കിലോമീറ്റർ എൽ .റ്റി ലൈനുകളും റീ കണ്ടക്ടറിംഗ് ചെയ്യുകയും 23,316 കേടായ മീറ്ററുകൾ മാറ്റുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കായി 1724.194 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് ലഭിച്ചു വരുന്നു. ഈ പദ്ധതിയ്ക്കായി അഞ്ചുവർഷത്തെ അറ്റകുറ്റപ്പണികൾക്കുൾപ്പെടെ 9.25 കോടി രൂപ വകയിരുത്തിയിട്ടുള്ളതിൽ 7.5 കോടി രൂപയുടെ പ്രവൃത്തികൾ ഈ മേഖലയിൽ പൂർത്തിയായി.<br>പ്രസരണമേഖലയിൽ, കല്പറ്റ 33 കെ.വി സബ്സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന 33 കെ.വി 5 എം.വി.എ ട്രാൻസ്ഫോർമറുകളുടെ ശേഷി 78 എം.വി.എ ആയി ഉയർത്തുകയും കൺട്രോൾ റൂമിന്റെ വലിപ്പം കൂട്ടുകയും ഔട്ട് ഡോർ |
| (ബി) | ഈ പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കുമായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ക്യുബിക്കിളുകൾ മാറ്റി ഇൻഡോർ 10 പാനൽ സെറ്റ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഐ.പി.ഡി.എസ്-ൽ ഉൾപ്പെ ടുത്തി ചെയ്യുകയുണ്ടായി. കൂടാതെ, കണിയാമ്പറ്റ 220 കെ.വി സബ്സ്റ്റേഷനിലെ 11 കെ.വി 10 പാനൽ സെറ്റ് മാറ്റി വെച്ചു.<br>കുത്തുമുണ്ട 66 കെ.വി സബ്സ്റ്റേഷന്റെ ശേഷി ഉയർത്തുന്നതിന്റെ ഭാഗമായുള്ള താൽക്കാലിക കൺട്രോൾ റൂം നിർമ്മാണവും ഒ.പി.സി മാറ്റി 10 പാനൽ ഇൻഡോർ സെറ്റ് വയ്ക്കൽ എന്നിവയും 66 കെ.വി കണിയാമ്പറ്റ-കുത്തുമുണ്ട സിംഗിൾ സർക്യൂട്ട് ലൈൻ 110 കെ.വി ഡബിൾ സർക്യൂട്ട് ലൈൻ ആയി ശേഷി ഉയർത്തുകയും ചെയ്തു. ഈ പ്രവൃത്തികൾക്കായി 13.8784 കോടി രൂപ ചെലവഴിച്ചു. |

സെക്ഷൻ ഓഫീസർ